"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ആലപ്പുഴ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീമതി. ആലീസ് ജോസി, ശ്രീമതി. എസ്. എം. റാബിയ, എൻ. കെ. ഹരീഷ് എന്നിവർ സമർപ്പിച്ച പുന:പരിശോധനാ അപേക്ഷ -തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1215/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 17.12.2018തീയതിയിലെ സ.ഉ(സാധാ) . 3167/2018/തസ്വഭവ നമ്പർ ഉത്തരവ്.

2 ശ്രീമതി. ആലീസ് ജോസി, ശ്രീമതി. എസ്. എം. റാബിയ, എൻ. കെ. ഹരീഷ് എന്നിവർ സമർപ്പിച്ച പുന.പരിശോധനാ അപേക്ഷ

3 നഗരകാര്യഡയറക്ടറുടെ 15.10.2019 തീയതിയിലെ വി1-18650/2015നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ നഗരസഭയിൽ ഡി & ഒ ലൈസൻസുകൾ തീർപ്പകൽപ്പിക്കുന്നില്ലായെന്ന ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 25.03.2014-ൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ ലഭിക്കുന്ന പുതിയ ഡി & ഒ ലൈസൻസ് അപേക്ഷകൾക്കായി പ്രത്യേകരജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്ന ആരോപണത്തിന് ഉത്തരവാദിയെന്ന് കണ്ടെത്തിയ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഇ. പരമശിവം, ശ്രീമതി. ആലീസ് ജോസി, ശ്രീ. എൻ.കെ. വിജയകുമാർ, ശ്രീമതി. എസ്. എം. റാബിയ, എൻ. കെ. ഹരീഷ് എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു. ആയത് തീർപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിൽ ശ്രീ. ഇ. പരമശിവം, ശ്രീമതി. ആലിസ് ജോസി, ശ്രീമതി. എസ്. എം. റാബിയ, ശ്രീ. എൻ. കെ. ഹരീഷ് എന്നിവരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും ശ്രീ. എൻ. കെ. വിജയകുമാർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയും സർക്കാർ ഉത്തരവായിരുന്നു. വാർഷിക വേതന വർദ്ധനവ് തടഞ്ഞുകൊണ്ടുള്ള പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ. കെ. ഹരീഷ്, ശ്രീമതി. എസ്.എം. റാബിയ, ശ്രീമതി. ആലീസ് ജോസി എന്നിവർ പരാമർശം 2 പ്രകാരം പുന:പരിശോധനാ അപേക്ഷകൾ ലഭ്യമാക്കിയിരുന്നു.

2. പുന:പരിശോധനാ അപേക്ഷകളിലെ ടി ഉദ്യോഗസ്ഥരുടെ വാദങ്ങൾ പ്രകാരം കേരള

മുനിസിപ്പാലിറ്റി ആക്ടിലെ ലൈസൻസുമായി ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ളതും ആലപ്പുഴ നഗരസഭയിലെ എല്ലാ സർക്കിളുകളിലും കാലങ്ങളായി പരിപാലിച്ചു വരുന്നതുമായ ഡി & ഒ രജിസ്റ്ററാണ് കൈമാറിക്കിട്ടിയിരുന്നതെന്നും ഒരു സാമ്പത്തിക വർഷത്തേയ്ക്ക് ഒന്ന് എന്ന രീതിയിലാണ് ആലപ്പുഴ നഗരസഭയിലെ എല്ലാ സർക്കിളുകളിലും രജിസ്റ്റർ കാലങ്ങളായി പരിപാലിച്ചു വരുന്നതെന്നും ശ്രീ. എൻ. കെ. ഹരീഷ് അപേക്ഷയിൽ വിശദീകരിക്കുന്നു. ഓരോ മാസവും പുതുതായി ലഭിക്കുന്ന അപേക്ഷകൾ അതേ രജിസ്റ്ററിൽ തന്നെ മാസം തിരിച്ച് സപ്ലിമെന്ററി രജിസ്റ്ററായി എഴുതുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നതെന്നും അതിൽ അപാകതകയുള്ളതായി സംസ്ഥാന ഓഡിറ്റ് നടത്തുന്ന വാർഷിക ഓഡിറ്റിലോ മറ്റെന്തെങ്കിലും പരിശോധനയിലോ നിർദ്ദേശിച്ചിട്ടില്ലാത്തതാണെന്നും അപേക്ഷകൾ ലഭിക്കുന്ന തീയതിയും തീർപ്പാക്കപ്പെടുന്നതിന്റെ എണ്ണവും ഹാന്റ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നെന്നും നിലവിലെ രീതികൾ പിൻതുടർന്നുവെന്നല്ലാതെ ജോലിയിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും വാർഷിക ഇൻക്രിമെന്റ് തടഞ്ഞത് ഒഴിവാക്കി തരണമെന്നും ശ്രീ. എൻ. കെ. ഹരീഷ്, ശ്രീമതി. എസ്.എം. റാബിയ, ശ്രീമതി. ആലീസ് ജോസി എന്നിവർ അപേക്ഷിക്കുകയുണ്ടായി..

3. നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, പുതിയ അപേക്ഷ എന്നിവയെല്ലാം ഒരേ രജിസ്റ്ററിൽ തന്നെയാണ് കൈകാര്യം ചെയ്തിരുന്നതെന്നും നിലവിലുള്ള സമ്പ്രാദായം പിൻതുടരുകയാണ് ചെയ്തിരുന്നതെന്നതിനാൽ ഗുരുതരമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നതാണെന്നും, എന്നാൽ പുതിയതായി ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷകളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളും ഒരേ രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതു കാരണം പുതുതായി എത്ര അപേക്ഷകൾ കിട്ടിയെന്നോ അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നോ അറിയാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് മേൽ ജീവനക്കാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കിയിരുന്നത് എന്നും, എന്നാൽ പ്രസ്തുത ജീവനക്കാർ മന:പൂർവ്വമായി വീഴ്ചവരുത്തിയിട്ടില്ലാത്തതും, വിജിലൻസ് പരിശോധനയെ തുടർന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ലൈസൻസ് സംബന്ധമായ അപേക്ഷകൾ വേർതിരിച്ച് എഴുതുന്ന സമ്പ്രദായം അനുവർത്തിച്ചിട്ടുള്ളതുമാണ്. അഴിമതിയ്ക്ക് വഴിവെയ്ക്കുന്ന വിധമുള്ള സമീപനങ്ങളൊന്നും മേൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി കരുതാവുന്നതല്ലായെന്നും ടി സാഹചര്യത്തിൽ മേൽ ജീവനക്കാരുടെ മേൽ ചുമത്തിയിട്ടുള്ള ശിക്ഷാ വിധികളിൽ ഇളവുവരുത്താവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

4. ശ്രീ. എൻ. കെ. ഹരീഷ്, ശ്രീമതി. എസ്.എം. റാബിയ, ശ്രീമതി. ആലീസ് ജോസി എന്നിവരുടെ അപ്പീൽ അപേക്ഷ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ പ്രസ്തുത ജീവനക്കാർ മന:പൂർവ്വമായി വീഴ്ചവരുത്തിയിട്ടില്ലാത്തതും, വിജിലൻസ് പരിശോധനയെ തുടർന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ലൈസൻസ് സംബന്ധമായ അപേക്ഷകൾ വേർതിരിച്ച് എഴുതുന്ന സമ്പ്രദായം അനുവർത്തിച്ചിട്ടുള്ളതുമാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ അഴിമതിയ്ക്ക് വഴിവെയ്ക്കുന്ന വിധമുള്ള സമീപനങ്ങളൊന്നും മേൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി കരുതാവുന്നതല്ലായെന്നും, ആയതിനാൽ ജീവനക്കാരുടെ മേൽ ചുമത്തിയിട്ടുള്ള ശിക്ഷാ വിധികളിൽ ഇളവുവരുത്താവുന്നതാണെന്ന നഗരകാര്യഡയറക്ടറുടെ ശുപാർശ പരിഗണിച്ച് ആലപ്പുഴ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീമതി.

ആലീസ് ജോസി, ശ്രീമതി. എസ്. എം. റാബിയ, ശ്രീ. എൻ. കെ. ഹരീഷ് എന്നിവർക്കെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കിയ പരാമർശം 1 ഉത്തരവ് പുനഃപരിശോധിച്ചുകൊണ്ട് ജീവനക്കാരുടെ മേൽ ചുമത്തിയിട്ടുള്ള ശിക്ഷാ വിധി "സെൻഷർ" (ശാസന) ആയി ഇളവുവരുത്തി പുന:പരിശോധനാ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. ആലീസ് ജോസി, ഹെൽത്ത് ഇൻസ്പെക്ടർ , ആലപ്പുഴ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി. എസ്. എം. റാബിയ, ഹെൽത്ത് ഇൻസ്പെക്ടർ , ആലപ്പുഴ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. എൻ. കെ. ഹരീഷ് , ഹെൽത്ത് ഇൻസ്പെക്ടർ , ആലപ്പുഴ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ